<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4465**</u> <u>**10-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**ഔഷധസസ്യ കൃഷി വ്യാപനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. പ്രേംകുമാർ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ഫാമുകൾ മുഖേന ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുള്ള വാണിജ്യ കൃഷി, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലങ്ങളിൽ ഔഷധ സസ്യകൃഷി, പ്രാഥമിക സംസ്കരണ യൂണിറ്റുകൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾ നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഔഷധ സസ്യങ്ങൾ വീട്ടുതോറും സൗജന്യമായി വിതരണം ചെയ്യുന്നതിന് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടില്ല. |
| (ബി) | ഇതുപ്രകാരം ഔഷധസസ്യ തൈകൾ വീടുകൾ തോറും സൗജന്യമായി വിതരണം ചെയ്യാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി വകുപ്പ് ഫാമുകൾ മുഖേന ഔഷധ സസ്യങ്ങളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, ക്ലസ്റ്ററുകൾ രൂപീകരിച്ചിട്ടുള്ള വാണിജ്യ കൃഷി, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലങ്ങളിൽ ഔഷധ സസ്യകൃഷി, പ്രാഥമിക സംസ്കരണ യൂണിറ്റുകൾക്കുള്ള ധനസഹായം എന്നീ ഘടകങ്ങൾ നടത്തുന്നതിനാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഔഷധ സസ്യങ്ങൾ വീട്ടുതോറും സൗജന്യമായി വിതരണം ചെയ്യുന്നതിന് പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടില്ല. |
| (സി) | കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് ന്യായവില ലഭിക്കുന്നതിനായി ഔഷധിയുമായി ചേർന്ന് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | തെരഞ്ഞെടുത്ത ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യ കൃഷി ആരംഭിക്കുന്നതിന് മുമ്പ് കർഷകർ ഉല്പാദിപ്പിക്കുന്ന ഔഷധ സസ്യങ്ങളും മറ്റ് വസ്തുവകകളും ന്യായവിലയ്ക്ക് എടുത്തുകൊള്ളാമെന്ന് ഔഷധ നിർമ്മിതാക്കളുമായി സമ്മത പത്രത്തിൽ ഒപ്പു വയ്ക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ